(ഇ) ഇ.പി.എഫ്., ഇ.എസ്.ഐ. വിഹിതമിനത്തിൽ കശുവണ്ടി വികസന കോർപ്പറേഷൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അടയ്ക്കാനുള്ള തുകയെത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് പി. എഫ്. കുടിശ്ശിക അടച്ച് തീർക്കാൻ കഴിയാത്തത്.

(ബി) 2014 ഏപ്രിൽ മാസം മുതലുള്ള പി.എഫ്. കുടിശ്ശികയാണ് അടയ്ക്കാനുള്ളത്.

(സി) പ്രസ്തുത തുക അടച്ചു തീർക്കുന്നതിന് 9,91,74,271 രൂപ ആവശ്യമുണ്ട്.

(ഡി) കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക അടച്ചു തീർക്കുന്നതാണ്.

(ഇ) ഇ.പി.എഫ്. വിഹിതമിനത്തിൽ കശുവണ്ടി വികസന കോർപ്പറേഷൻ ഏപ്രിൽ 2014 മുതൽ മേയ് 2015 വരെ 9,91,74,271 രൂപയും ഇ.എസ്.ഐ. വിഹിതമിനത്തിൽ ജനുവരി 2015 മുതൽ മേയ് 2015 വരെ 62,26,743 രൂപയും അടയ്ക്കാനുണ്ട്.

മാവൂരിൽ പുതിയ വ്യവസായ സംരംഭം

160(2149) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ മാവൂരിൽ പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിൽ മാവൂർ വില്ലേജിൽ മലാപ്രം ദേശത്ത് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് സോൺ പദ്ധതിയിൻ കീഴിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി 110 ഏക്കർ ഭൂമി നെഗോഷ്യബിൾ പർച്ചേസ് നടപടി പ്രകാരം ഏറ്റെടുക്കുന്നതിന് 29-6-2015-ലെ ജി.ഒ.(ആർ.ടി) 3391/15/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി കിൻഫ്ര-ക്ക് ലഭ്യമായശേഷം മാത്രമേ പാർക്ക് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly